കേരളകൗമുദി
Established by **C.V. Kunjuraman** as a periodical in 1911

വിദ്യാരംഭത്തിന്റെ ചിത്രങ്ങൾ കൈപ്പറ്റാം

തിരുവനന്തപുരം: വിജയദശമി ദിനത്തിൽ കേരളകൗമുദിയുടെ ആഭിമുഖ്യത്തിൽ പേട്ട എസ്.എൻ.ഡി.പി. ഹാളിൽ വിദ്യാരംഭം കുറിച്ച കുഞ്ഞുങ്ങളുടെ ഫോട്ടോ തയ്യാറായിട്ടുണ്ട്. രാവിലെ 10 മുതൽ വൈകിട്ട് 5 വരെ കേരളകൗമുദി തിരുവനന്തപുരം ഓഫീസിൽ നിന്ന് ഇവ കൈപ്പറ്റാവുന്നതാണ്.

ക്രൈംബ്രാഞ്ചിന് വിട്ടത് ഡിവൈ.എസ്.പിയെ രക്ഷിക്കാൻ: ചെന്നിത്തല

തിരുവനന്തപുരം: യുവാവിനെ കാറിന് മുന്നിൽ തള്ളിയിട്ട് കൊന്ന കേസിൽ പ്രതിയായ മുൻ ഡിവൈ.എസ്.പി ഹരികുമാറിന്റെ അറസ്റ്റ് വൈകിപ്പിക്കാനും, കേസ് അട്ടിമറിക്കാനുമാണ് അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. പ്രതിയെക്കുറിച്ച് ധാരണയില്ലാതിരിക്കുകയും കേസ് തെളിയിക്കാനാവാതെ നീണ്ടു പോകുമ്പോഴുമാണ് അന്വേഷണം മറ്റ് ഏജൻസികൾക്ക് കൈമാറുന്നത്. ഇവിടെ പ്രതി ഡിവൈ.എസ്.പിയാണെന്നത് വ്യക്തമായിട്ടും അയാളെ സംരക്ഷിക്കാൻ ശ്രമിക്കുകയാണ്.

ആ ജീവൻ പോകാൻ പൊലീസ് കാത്തുനിന്നു

• സനലുമായി പൊലീസ് ചുറ്റിയത് അഞ്ചുകിലോമീറ്റർ • നടപടിയെടുക്കുമെന്ന് ഐ.ജി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ഡിവൈ.എസ്.പി ബി. ഹരികുമാറുമായുണ്ടായ സംഘർഷത്തിനിടെ കാറിനടിയിൽപ്പെട്ട സനൽകുമാറിനെ ആശുപത്രിയിലെത്തിക്കുന്നതിൽ പൊലീസിന് ഗുരുതര വീഴ്ചയുണ്ടായെന്ന് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട്. വിവരമറിഞ്ഞെത്തിയിട്ടും അരമണിക്കൂറിലേറെ കഴിഞ്ഞാണ് സനലിനെ ആംബുലൻസിലേക്ക് മാറ്റിയത്. അതീവ ഗുരുതരാവസ്ഥയിൽ രക്തം വാർന്ന കിടന്ന സനലിനെ മെഡിക്കൽ കോളേജിലെത്തിക്കാതെ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലാണ് കൊണ്ടുപോയത്. പൊലീസിന് ഗുരുതര വീഴ്ചയുണ്ടായെന്നും കടുത്ത നടപടിയുണ്ടാകുമെന്നും റേഞ്ച് ഐ.ജി മനോജ് എബ്രഹാം പറഞ്ഞു.

കടുത്ത ആന്തരിക രക്തസ്രാവമുണ്ടെന്ന് ഡോക്ടർ അറിയിച്ചതിനെത്തുടർന്ന് ആംബുലൻസ് മെഡിക്കൽ കോളേജിലേക്ക് തിരിച്ചുവിട്ടു. ഇതിനിടെ ആംബുലൻസിലുണ്ടായിരുന്ന പൊലീസുകാരന്റെ ഡ്യൂട്ടിസമയം അവസാനിച്ചു. ഇയാളെ ആശുപത്രിയുടെ വശത്തുകൂടിയുള്ള വഴിയിലൂടെ അയയ്ക്കുന്നതിന് പകരം സനലുമായി ഒന്നര കിലോമീറ്ററിലേറെ കറങ്ങി നെയ്യാറ്റിൻകര സ്റ്റേഷനിലെത്തി. താലൂക്ക് ആശുപത്രിയുടെ മതിലിന് പിന്നിലാണ് സ്റ്റേഷൻ. മറ്റൊരു കോൺസ്റ്റബിൾ കയറാൻ പത്തു മിനിട്ടോളം ആംബുലൻസ് സ്റ്റേഷനു മുന്നിൽ കാത്തുകിടന്നു. തുടർന്നാണ് മെഡിക്കൽ കോളേജിലേക്ക് പോയത്.

സനൽ കാറിടിച്ചുവീണ സ്ഥലത്തിന് ഒന്നരകിലോമീറ്റർ അടുത്ത് മികച്ച സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രിയുണ്ട്. കൊടങ്ങാനൂരിൽ നിന്ന് ഒരുകിലോമീറ്റർ സഞ്ചരിച്ചാൽ തിരുവനന്തപുരത്തേക്കുള്ള ദേശീയപാതയിലുമെത്താം. ഇതിനുപകരം അഞ്ചു കിലോമീറ്ററാണ് സനലുമായി പൊലീസ് ചുറ്റിയത്.

മദ്യപിച്ച് ബഹളമുണ്ടാക്കിയ ആളെ താൻ പിടികൂടിയെന്നും ഉടൻ കൊടങ്ങാനൂർ ജംഗ്ഷനിലെത്തണമെന്നുമാണ് ഡിവൈ.എസ്.പി നെയ്യാറ്റിൻകര എസ്.ഐയോട് ഫോണിൽ ആവശ്യപ്പെട്ടത്. പാറാവുകാരനെയും കൂട്ടി എസ്.ഐ ഉടൻ സ്ഥലത്തെത്തി. ഇതിനിടെ നാട്ടുകാർ ഓടിച്ച ഡിവൈ.എസ്.പി സ്വകാര്യ കാറിൽ രക്ഷപ്പെട്ടു. സ്ഥലത്തെത്തിയപ്പോഴാണ് എസ്.ഐ സംഭവത്തിന്റെ ഗൗരവം മനസിലാക്കിയത്. പൊലീസെത്തുന്നതിനും ആംബുലൻസ് എത്തിക്കുന്നതിനുമായി ഇരുപത് മിനിട്ടോളമെടുത്തു. ആംബുലൻസിൽ കയറ്റുമ്പോൾ നാട്ടുകാരെടുത്ത വീഡിയോയിൽ സനലിന്റെ കൈ ഒടിഞ്ഞുതൂങ്ങിയത് കാണാം. മെഡിക്കൽ കോളേജിലേക്ക് പോകണമെന്ന് നാട്ടുകാർ പറയുന്നതും വ്യക്തം. ടി.ബി ജംഗ്ഷനിൽ നിന്ന് മെഡിക്കൽ കോളേജിലേക്ക് പോകുന്നതിന് പകരമാണ് താലൂക്ക് ആശുപത്രിയിലേക്ക് പോയത്.

സ്റ്റേഷനിലേക്ക് കൊണ്ടുപോയില്ലെന്ന് എസ്.ഐ കള്ളം പറഞ്ഞെങ്കിലും ആലുംമൂട് ജംഗ്ഷനിലെ നിരീക്ഷണ കാമറയിൽ ഗേൾസ് സ്കൂളിനു മുന്നിലൂടെ സ്റ്റേഷനിലേക്കുള്ള വഴിയിലേക്ക് ആംബുലൻസ് കയറുന്നതിന്റെ ദൃശ്യങ്ങൾ കണ്ടെത്തി.

ആ ഭീകരരാത്രി ഇങ്ങനെ

തിങ്കളാഴ്ച രാത്രി 9.45
ഡിവൈ.എസ്.പിയുമായുള്ള സംഘർഷത്തിനൊടുവിൽ സനൽകുമാറിനെ കാറിടിച്ച് വീഴ്ത്തുന്നു

രാത്രി 10.12
ഡിവൈ.എസ്.പി വിവരമറിയിച്ചതനുസരിച്ച് നെയ്യാറ്റിൻകര എസ്.ഐ കൊടങ്ങാവിളയിൽ എത്തുന്നു

രാത്രി 10.23
രക്തം വാർന്ന് അവശനിലയിലായ സനൽകുമാറിനെ നെയ്യാറ്റിൻകര താലൂക്കാശുപത്രിലേക്ക് മാറ്റുന്നു

രാത്രി 10.29
ആന്തരിക രക്തസ്രാവം കൂടുതലാണെന്ന് ഡോക്ടർ അറിയിച്ചതിനെത്തുടർന്ന് ആംബുലൻസ് തിരിച്ചിറക്കി

രാത്രി 10.39
നെയ്യാറ്റിൻകര സ്റ്റേഷൻ വളപ്പിൽ കാത്തുകിടന്ന ശേഷം ആംബുലൻസ് മെഡിക്കൽ കോളേജാശുപത്രിയിലേക്ക്

രാത്രി 11.05
സനൽകുമാറുമായി ആംബുലൻസ് ദേശീയപാതയിലൂടെ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി

ഡിവൈ.എസ്.പി പനയമുട്ടം വനത്തിലെത്തി

ബി. ഹരികുമാർ

തിരുവനന്തപുരം: കൊടങ്ങാവിളയിൽ സനലിനെ കാറിന് മുന്നിൽ തള്ളിയിട്ട് കൊന്ന കേസിലെ പ്രതി ഡിവൈ.എസ്.പി ഹരികുമാർ നെടുമങ്ങാട് പനയമുട്ടത്തെത്തിയിരുന്നതായി രഹസ്യാന്വേഷണ വിഭാഗം കണ്ടെത്തി. പനയമുട്ടം തേക്കുംമൂടിന് സമീപത്ത് ഡിവൈ.എസ്.പിക്ക് മൂന്ന് ബന്ധുവീടുകളുണ്ട്. പൊലീസിൽ നിന്ന് വിരമിച്ച ഒരു ഉറ്റബന്ധുവിന്റെ കാറിൽ ചൊവ്വാഴ്ച വൈകിട്ട് മൂന്നരയോടെ ഷർട്ടും മുണ്ടും ധരിച്ച് ഡിവൈ.എസ്.പി സഞ്ചരിച്ചതായി ദൃക്സാക്ഷികൾ വിവരം നൽകിയെങ്കിലും പൊലീസ് ഒതുക്കി. അതേദിവസം നെടുമങ്ങാട്ടെ കല്യാണമണ്ഡപത്തിലെ വിവാഹത്തിൽ പങ്കെടുത്ത ഈ ബന്ധു, പത്തു തവണയെങ്കിലും നെടുമങ്ങാട് സ്റ്റേഷനിലെത്തി സംഭവത്തിന്റെ വിവരങ്ങൾ തിരക്കിയിരുന്നു.

ഡിവൈ.എസ്.പി എത്തിയതിന് പിന്നാലെ കറുത്ത ആഡംബര കാറിൽ ഒരു സംഘം പനയമുട്ടം താന്നിമൂട് വനത്തിലെത്തിയെന്നും കണ്ടെത്തി. വലിയ താന്നിമൂടിന് സമീപത്തിറങ്ങിയ ഇവർ വനത്തോട് ചേർന്ന ആഡംബര വീട്ടിൽ കയറിപ്പോയി. വനം വകുപ്പിന്റെ അക്കേഷ്യ വനമാണ് അവിടെയുള്ളത്. വനത്തിൽ താമസിക്കാനും സൗകര്യമുണ്ട്. ഡിവൈ.എസ്.പിയുടെ ബന്ധു ഇവിടെ വനംവകുപ്പ് ഉദ്യോഗസ്ഥനാണ്.

മൂന്ന് ബന്ധുക്കൾ പൊലീസിലുമുണ്ട്. ഇതിൽ ഒരാൾ എസ്.ഐയും രണ്ടുപേർ സീനിയർ സിവിൽ പൊലീസ് ഓഫീസർമാരുമാണ്. രണ്ട് ഉറ്റബന്ധുക്കൾ പൊലീസിൽ നിന്ന് വിരമിച്ചവരാണ്. ഇവിടെ നിന്ന് പേരയം, പാലോട്, കുളത്തൂപ്പുഴ വഴി തെങ്കാശിയിലേക്കും അവിടെ നിന്ന് മധുരയിലേക്കും കടന്നിട്ടുണ്ടാവാമെന്നാണ് പൊലീസ് പറയുന്നത്. പത്രങ്ങളിൽ ഫോട്ടോ കണ്ടപ്പോഴാണ് വനമേഖലയിലെത്തിയത് ഡിവൈ.എസ്.പിയാണെന്ന് കൂടുതൽ പേർ തിരിച്ചറിഞ്ഞ് പൊലീസിനെ അറിയിച്ചത്.

അച്ഛനെത്തേടി അലനും ആൽബിനും, മിഴികളിൽ കണ്ണീർക്കടലുമായി വിജി

പ്രത്യേക ലേഖകൻ

സനലിന്റെ ഭാര്യ വിജിയും മക്കളായ ആൽബിനും അലനും

തിരുവനന്തപുരം : മൂന്നുദിവസമായി വിജി ഒരു വറ്റു പോലും കഴിച്ചിട്ടില്ല. മക്കൾക്ക് ദോശ വാങ്ങാൻ പോയ പ്രിയതമനെ ജീവനില്ലാതെ വീട്ടിലെത്തിച്ചപ്പോൾ മുതൽ ഒരേകിടപ്പാണ്. സനലിനെക്കുറിച്ച് ആരെങ്കിലും പറയുമ്പോൾ അമ്മ വാസന്തിയെ ചേർത്തുപിടിച്ച് പൊട്ടിക്കരയും. മക്കളായ അലനും ആൽബിനും ഇതു കണ്ട് അമ്പരന്നു നിൽക്കുകയാണ്. എന്തുപറഞ്ഞ് വിജിയെ ആശ്വസിപ്പിക്കുമെന്നറിയാതെ ബന്ധുക്കളും പകച്ചുനിൽക്കുന്നു.

നെയ്യാറ്റിൻകര കൊടങ്ങാവിള കാവുവിളയിലെ സനലിന്റെ വീട്ടിലെ നോവുണർത്തുന്ന കാഴ്ചകൾ ആരുടെയും കരളലിയിക്കും.

സ്വീകരണമുറിയിൽ സനലിന്റെ കുടുംബചിത്രം സൂക്ഷിച്ചിരിക്കുന്നു. ഈ ചിത്രം നെഞ്ചോട് ചേർത്ത് മൂന്നരവയസുകാരൻ അലനും നാലര വയസുള്ള ആൽബിനും അച്ഛനെത്തേടി വീടുമുഴുവൻ നടക്കുകയാണ്. ഇടയ്ക്കിടെ അച്ഛന്റെ ചിത്രത്തിൽ ഇരുവരും ഉമ്മവയ്ക്കുന്നത് എല്ലാവരുടെയും മിഴിനനയ്ക്കുന്നു.

മകന്റെ മുറിയിൽ നിറകണ്ണുകളോടെയിരിക്കുകയാണ് സനലിന്റെ അമ്മ രമണി. വീടിനു പിന്നിൽ വടക്കുപടിഞ്ഞാറായി അച്ഛൻ സോമരാജന്റെ കല്ലറയ്ക്കടുത്താണ് സനലിന്റെ കുഴിമാടം. അവിടെ ഇട്ടിട്ടുള്ള പൂക്കളും മാലകളും കൗതുകത്തോടെ നോക്കുകയാണ് സനലിന്റെ മക്കൾ.

ഇന്നാണ് സനലിന്റെ മരണാനന്തരചടങ്ങുകൾ. അതിനു ശേഷം ശവകുടീരത്തിൽ കല്ലറ പണിയും. വിജിയെ ആശ്വസിപ്പിക്കാൻ നിരവധി പേർ കാവുവിള വീട്ടിലേക്കെത്തുന്നുണ്ട്. ഇന്നലെ സുരേഷ് ഗോപി എം.പിയും രാഷ്ട്രീയ-സാമൂഹ്യ രംഗത്തെ മറ്റ് പ്രമുഖരുമെത്തിയിരുന്നു.

ആംബുലൻസിന്റെ വേഗത കുറയ്ക്കാൻ പൊലീസ് പറഞ്ഞു: ഡ്രൈവർ

അനീഷ്

തിരുവനന്തപുരം: സനൽകുമാറിനെ പൊലീസ് നിർദ്ദേശിച്ചപ്പോഴാണ് നെയ്യാറ്റിൻകര സ്റ്റേഷനിലെത്തിച്ചതെന്ന് ആംബുലൻസ് ഡ്രൈവർ അനീഷിന്റെ വെളിപ്പെടുത്തൽ.

ഓലത്താന്നിയിൽ സ്വകാര്യ ആംബുലൻസ് ഡ്രൈവറായ അനീഷ് രാത്രി പത്തേകാലിനാണ് സുഹൃത്തിൽ നിന്ന് സംഭവമറിഞ്ഞത്. മൂന്നര കിലോമീറ്റർ സഞ്ചരിച്ച് അപകടം നടന്ന സ്ഥലത്തെത്തി. തുടർന്ന് സനലിനെ നാട്ടുകാർ ആംബുലൻസിൽ കയറ്റി. ഒരു നാട്ടുകാരൻ പിന്നിൽ കയറി. മുൻ സീറ്റിൽ നെയ്യാറ്റിൻകര സ്റ്റേഷനിലെ പൊലീസുകാരൻ കയറി.

മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകാനാണ് നാട്ടുകാർ ആവശ്യപ്പെട്ടത്. എന്നാൽ പൊലീസുകാരൻ നെയ്യാറ്റിൻകര ആശുപത്രിയിലേക്ക് കൊണ്ടുപോകാനും ആംബുലൻസ് പതുക്കെ വിടാനും ആവശ്യപ്പെട്ടു. എത്രയും പെട്ടെന്ന് മെഡിക്കൽ കോളേജിലെത്തിക്കാൻ ഡോക്ടർമാർ ആവശ്യപ്പെട്ടു. പക്ഷേ സ്റ്റേഷനിലേക്ക് പോകാനാണ് പൊലീസുകാരൻ നിർദ്ദേശിച്ചത്. ഇതിനിടെ കൂടെവന്ന നാട്ടുകാരനെ കാണാതായി. വാഹനത്തിലുണ്ടായിരുന്ന പൊലീസുകാരൻ സ്റ്റേഷന് മുന്നിൽ ഇറങ്ങി. പകരം കയറിയ പൊലീസുകാരനൊപ്പമാണ് മെഡിക്കൽ കോളേജിലെത്തിയത്. പിന്നീട് ആംബുലൻസ് മെഡിക്കൽ കോളേജ് സ്റ്റേഷനിലേക്ക് മാറ്റി. പുലർച്ചെ മൂന്നരയ്ക്ക് പൊലീസുകാരനെ നെയ്യാറ്റിൻകര സ്റ്റേഷനിലെത്തിച്ചശേഷം വീട്ടിലേക്ക് മടങ്ങി - ഇതാണ് അനീഷിന്റെ മൊഴി.

സംഭവം നടന്ന കൊടങ്ങാവിള ജംഗ്ഷൻ


ഡിവൈ.എസ്.പി വരാറുള്ള സുഹൃത്തിന്റെ വീട്
സനൽ ഭക്ഷണം വാങ്ങാൻ എത്തിയ ഹോട്ടൽ
സനൽ അടിയേറ്റ് വീണത് ഇവിടെ
സനലിന്റെ കാർ കിടന്നത് ഇവിടെ
ഡിവൈ.എസ്.പിയുടെ കാർ കിടന്നത് ഗേറ്റിന് ഉള്ളിൽ

രണ്ട് പൊലീസുകാർക്ക് സസ്പെൻഷൻ, ഡിവൈ.എസ്.പിക്കായി ലുക്കൗട്ട് നോട്ടീസ്

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: റോഡിലെ വാക്കുതർക്കത്തിനിടെ ഡിവൈ.എസ്.പി ബി.ഹരികുമാർ റോഡിലേക്ക് ചവിട്ടിയിട്ടതിനെത്തുടർന്ന് കാർ കയറി ഗുരുതരാവസ്ഥയിലായ കൊടങ്ങാവിള കാവുവിള വീട്ടിൽ സനൽകുമാറിനെ ആശുപത്രിയിലെത്തിക്കുന്നതിൽ വീഴ്ച വരുത്തിയ സംഭവത്തിൽ രണ്ടു പൊലീസുകാരെ സസ്പെൻഡ് ചെയ്തു. നെയ്യാറ്റിൻകര പൊലീസ് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർമാരായ സജീഷ് ചന്ദ്രൻ, ഷിബു എന്നിവരെയാണ് തിരുവനന്തപുരം റൂറൽ എസ്.പി സസ്പെൻഡ് ചെയ്തത്. സംഭവം കൈകാര്യം ചെയ്യുന്നതിൽ നെയ്യാറ്റിൻകര എസ്.ഐ സന്തോഷ് കുമാറിന് ഗുരുതര വീഴ്ച സംഭവിച്ചതായി സ്പെഷ്യൽബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മരണത്തോട് മല്ലടിക്കുന്ന സനൽകുമാറുമായി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് പോകുന്നതിന് പകരം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലേക്കും തുടർന്ന് പൊലീസ് സ്റ്റേഷനിലേക്കുമായാണ് പോയത്. സ്റ്റേഷനിലേക്കു കൊണ്ടുപോകുന്നതിന് ഒത്താശ ചെയ്തതിൽ നെയ്യാറ്റിൻകര എസ്.ഐക്കും പങ്കുണ്ടെന്നാണ് റിപ്പോർട്ട്.

കൊടങ്ങാവിളയിൽ നിന്ന് നെയ്യാറ്റിൻകരയിലുള്ള ലൈഫ് കെയർ എന്ന ആംബുലൻസിലാണ് സനൽകുമാറിനെ സി.പി.ഒയായ ഷിബുവും സ്ഥലവാസിയായ രണ്ടുപേരും ചേർന്ന് നെയ്യാറ്റിൻകര ആശുപത്രിയിലെത്തിച്ചത്. നെയ്യാറ്റിൻകര ആശുപത്രിയിൽ എത്തിച്ച സനൽകുമാറിനെ ഉടൻ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകാൻ അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ ആവശ്യപ്പെട്ടു. എന്നാൽ ആംബുലൻസ് ഡ്രൈവറോട് സി.പി.ഒയായ ഷിബു പൊലീസ് സ്റ്റേഷനിലേക്ക് പോകാൻ നിർദ്ദേശിച്ചു. സ്റ്റേഷനിൽ എത്തിയപ്പോൾ ഷിബു ഇറങ്ങി ഡ്യൂട്ടി മാറിയ ശേഷം മറ്റൊരു പൊലീസുകാരനായ സജീഷ്ചന്ദ്രൻ കയറി.

ഒരുമണിക്കൂറിനു ശേഷം സനൽകുമാറിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരണമടഞ്ഞിരുന്നതായും റിപ്പോർട്ടിലുണ്ട്.

ലുക്കൗട്ട് നോട്ടീസ്

ഡിവൈ.എസ്.പി ഹരികുമാറിനെതിരെ പൊലീസ് ഇന്നലെ ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കി.

മുൻകൂർ ജാമ്യത്തിന് ശ്രമം തുടങ്ങിയതോടെയാണ് നോട്ടീസ് ഇറക്കിയത്. രാജ്യം വിടാതിരിക്കാൻ വിമാനത്താവളങ്ങളിലും ജാഗ്രതാ നിർദ്ദേശം നൽകി. നാവായിക്കുളത്തെ വീട്ടിലും ബന്ധുവീടുകളിലും പൊലീസ് തെരച്ചിൽ നടത്തി. ബന്ധുക്കൾ മുഖേന കീഴടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും അനുകൂലമറുപടിയല്ല ലഭിച്ചത്.

ഡിവൈ.എസ്.പിയുടെയും അദ്ദേഹത്തെ രക്ഷപ്പെടുത്തിയ കൊടങ്ങാവിളയിലെ ഫിനാൻസ് ഉടമ ബിനുവിന്റെയും മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ആണെന്ന് പൊലീസ് പറഞ്ഞു.

മരണകാരണം തലയ്ക്കേറ്റ ക്ഷതം

തലയ്ക്കേറ്റ ക്ഷതമാണ് സനലിന്റെ മരണത്തിനിടയാക്കിയതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട്. വാഹനമിടിച്ച് തലയ്ക്ക് ആഴത്തിലുള്ള ക്ഷതമേറ്റു. തെറിച്ചുവീണപ്പോൾ തല റോഡിലിടിച്ചു. വാരിയെല്ലും കൈയും ഒടിഞ്ഞുനുറുങ്ങി. തുടയ്ക്കും കവിളിലും പൊട്ടലുണ്ട്. ശരീരമാകെ ക്ഷതമേറ്റു. പലേടത്തും എല്ലുകൾ ഒടിഞ്ഞിട്ടുണ്ട്. ആംബുലൻസിൽ കൊണ്ടുപോകവേ സനലിനെ മദ്യം കുടിപ്പിച്ചെന്ന് സഹോദരി ആരോപിച്ചിരുന്നു. ഇന്ന് വിശദമായ പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നാലേ ഇക്കാര്യത്തിൽ വ്യക്തതയുണ്ടാവൂ.

മുൻകൂർ ജാമ്യാപേക്ഷയുമായി ഡിവൈ.എസ്.പി ഒളിവിൽ

തിരുവനന്തപുരം: യുവാവിനെ കാറിനു മുന്നിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തിയെന്ന കേസിൽ പ്രതിയായ ഡിവൈ.എസ്.പി ബി.ഹരികുമാറിനെ മൂന്നുദിവസം കഴിഞ്ഞിട്ടും കണ്ടെത്താനായില്ല. തമിഴ്നാട്ടിൽ ഒളിവിലാണെന്ന് പൊലീസ് ആവർത്തിക്കുന്നതിനിടെ, ഹരികുമാറിനായി തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചു. ഡിവൈ.എസ്.പിക്കു ജാമ്യം അനുവദിക്കരുതെന്നാവശ്യപ്പെട്ടു ക്രൈംബ്രാഞ്ച് കോടതിയിൽ അപേക്ഷ നൽകും.

കൊലക്കേസ് അന്വേഷണത്തിനായി തിരുവനന്തപുരം ക്രൈംബ്രാഞ്ച് എസ്.പി കെ.എം. ആന്റണിയുടെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിച്ചു. ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി സുഗതൻ, സി.ഐ എ.എ. ജയമോഹൻ, നാലു എസ്.ഐമാർ, എ.എസ്.ഐമാർ, സീനിയർ സിവിൽ പൊലീസ് ഓഫീസർമാർ എന്നിവരടങ്ങിയ അന്വേഷണ സംഘം ഹരികുമാറിനായി തമിഴ്നാട്ടിലടക്കം അന്വേഷണം വ്യാപിപ്പിച്ചിട്ടുണ്ട്. പൊലീസ് ആസ്ഥാനത്തെ എ.ഐ.ജിയുടെ നേതൃത്വത്തിൽ വകുപ്പുതല അന്വേഷണവും തുടങ്ങിയിട്ടുണ്ട്.

കള്ളക്കേസെടുത്തു: ഡിവൈ.എസ്.പി

തിരുവനന്തപുരം: നെയ്യാറ്റിൻകര സ്വദേശി സനൽകുമാർ കൊല്ലപ്പെട്ട കേസിലെ പ്രതി ഡിവൈ.എസ്.പി ബി.ഹരികുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷ ഈ മാസം 14 ന് പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി പരിഗണിക്കും. നെയ്യാറ്റിൻകര എസ്.ഐ തനിക്കെതിരെ കള്ളക്കേസ് എടുത്തതാണെന്നും സനൽകുമാറിന്റെ മരണത്തിൽ തനിക്ക് ഒരു പങ്കും ഇല്ലെന്നും താൻ നിരപരാധിയാണെന്നും ഹർജിയിലുണ്ട്.

പൊലീസുകാരെ ബലിയാടാക്കി എസ്.ഐയെ രക്ഷിക്കാൻ ശ്രമം

തിരുവനന്തപുരം: നെയ്യാറ്റിൻകര കൊലപാതകക്കേസിൽ എസ്.ഐക്ക് ഗുരുതര വീഴ്ചയുണ്ടായെന്ന് സ്പെഷ്യൽബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടും പൊലീസുകാരെ മാത്രം സസ്പെൻഡ് ചെയ്ത് എസ്.ഐയെ രക്ഷിക്കാൻ ശ്രമമെന്ന് ആക്ഷേപം. എസ്.ഐ സന്തോഷ് കുമാർ ഗുരുതരമായ കൃത്യവിലോപം കാട്ടിയെന്നാണ് സ്പെഷ്യൽബ്രാഞ്ച് സർക്കാരിനെ അറിയിച്ചത്. സംഭവം നേരത്തേ അറിഞ്ഞിട്ടും കൃത്യമായ നടപടിയെടുക്കാൻ പൊലീസുകാർക്ക് എസ്.ഐ നിർദ്ദേശം നൽകിയില്ലെന്നതാണ് പ്രധാന വീഴ്ച. രാത്രി 9.45ന് സനൽ അപകടത്തിൽപ്പെട്ട് ഒരുമണിക്കൂറിലേറെ കഴിഞ്ഞാണ് പൊലീസ് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചത്. ആദ്യം സനലിനെ കൊണ്ടുപോയത് നെയ്യാറ്റിൻകര സർക്കാർ ആശുപത്രിയിലേക്കാണ്. അവിടെ നിന്ന് വിദഗ്ദ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകാൻ നിർദ്ദേശിച്ചെങ്കിലും പൊലീസ് ആദ്യം പോയത് സ്റ്റേഷനിലേക്കാണ്. ഡ്യൂട്ടിമാറാനാണ് സ്റ്റേഷനിൽ പോയതെന്നാണ് വിശദീകരണം. മെഡിക്കൽ കോളേജിലോ അടുത്തുള്ള സൗകര്യമുള്ള സ്വകാര്യ ആശുപത്രിയിലോ ആദ്യം കൊണ്ടുപോകാൻ എസ്.ഐ സന്തോഷ് കുമാർ നിർദ്ദേശം നൽകിയില്ലെന്നാണ് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട്.

ഒന്നാം ചരമവാർഷികം
(09.11.2018)

കൃഷ്ണമ്മ.കെ
ലാൽ S ഭവൻ, കമുകിൻകോട്.
ദുഃഖിതനായ ഭർത്താവ്: G. ഭാസ്കരൻ.
മക്കൾ : ഷാജി ലാൽ. B.K, സജീവ്ലാൽ. B.K.

GITD empowering women through education
ഇന്ന് വൈകിട്ട് 3:35ന്
ഇത്രയും നീളവും വണ്ണവുമുള്ള ചേരയെ നിങ്ങൾ കണ്ടിട്ടുണ്ടോ ?
വാവ പിടികൂടിയതിൽ വച്ച് ഏറ്റവും വലിയ ചേര
CHEMMANUR INTERNATIONAL JEWELLERS
SNAKE MASTER
TODAY 7:35PM
സംഗീത വിശേഷങ്ങളുമായി ഗായിക ജെൻസി
താരപ്പകിട്ട്
TODAY 9:35PM
KALYAN JEWELLERS
FILMBOX
THE COMPLETE FILM MAGAZINE
TODAY 8:00PM
വികസന പണത്തിൽ അടയിരുന്ന് തദ്ദേശ സ്ഥാപനങ്ങൾ.
ഇതുവരെയും വിനിയോഗിച്ചത് പകുതിയിൽ താഴെ..
KaumudyTV
MALABAR GOLD & DIAMONDS
നേർക്കണ്ണ്
നടുക്കുന്ന സത്യത്തിന്റെ നേർക്കാഴ്ച
EXCLUSIVE
POWERED BY
gulfgate HAIR FIXING
PRESENTED BY
KSFE
TODAY 9:00PM
Kaumudy TV - Channel Position Numbers
VIDEOCON 613
airtel 839
TATA Sky 1845
ZING 713
35
DEN 612
108
ACV 116
www.kaumudy.tv
For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872
www.youtube.com/kaumudy

Vol. No. 108 Issue No. 302 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .